# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ചിറക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1529/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/11/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/1529/2024 തീയ്യതി: 26/11/2024

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-08-2023 മുതൽ 18-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 30-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 30-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ

ശ്രീമതി.ധന്യ.എം.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീനാഥ്.വി,ഓഡിറ്റർ

ശ്രീ.ദേവാനന്ദ്.ഇ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രുതി.പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ഷിബു കരുൺ.ടി | സെക്രട്ടറി | 01-04-2023 | 07-07-2023 |
| ശ്രീ.വി.എ.ജോർജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2023 | 18-07-2023 |
| ശ്രീ.രതീഷ് കുമാർ.പി.വി | സെക്രട്ടറി | 19-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റമീസ.ഇ.എം | കൃഷി ഓഫീസർ | 01-04-2023 | 05-04-2023 |
| ശ്രീമതി.രാജശ്രീ കെ.കെ | കൃഷി ഓഫീസർ | 06-04-2023 | 11-06-2023 |
| ശ്രീമതി.റമീസ.ഇ.എം | കൃഷി ഓഫീസർ | 12-06-2023 | 31-03-2024 |
| ശ്രീ.അരുൺ സുരേഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷബില.കെ | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.സജിത്ത്.എ.കെ | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രിയ.ആർ.നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ബോബി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ.വി.എ.ജോർജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി.ബബിത.കെ | വി.ഇ.ഒ(കാട്ടാമ്പള്ളി സർക്കിൾ) | 01-04-2023 | 19-07-2023 |
| ശ്രീമതി.സന്ധ്യ.വി.സി | വി.ഇ.ഒ(ഇൻ ചാർജ്-കാട്ടാമ്പള്ളി സർക്കിൾ) | 20-07-2023 | 25-07-2023 |
| ശ്രീ.ഷനിൽ.എം | വി.ഇ.ഒ(കാട്ടാമ്പള്ളി സർക്കിൾ) | 26-07-2023 | 31-03-2024 |
| ശ്രീമതി.സന്ധ്യ.വി.സി | വി.ഇ.ഒ(ചിറക്കൽ സർക്കിൾ) | 01-04-2023 | 31-03-2024 |
| ഡോ.സ്മിത.എസ്.പിള്ള | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.ജീജ.സി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 18-04-2023 |
| ഡോ.ധന്യ.കെ | മെഡിക്കൽ ഓഫീസർ(ആയുർ വേദം) | 19-04-2023 | 20-08-2023 |
| ഡോ.സോജ്.ആർ | മെഡിക്കൽ ഓഫീസർ(ആയുർ വേദം) | 21-08-2023 | 31-03-2024 |
| ഡോ.ഹഫ്നിസ മുഹമ്മദ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2023 | 03-07-2023 |
| ഡോ.തസ്റീഫ.വി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 04-07-2023 | 06-07-2023 |
| ഡോ.ബന്ധു.ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 07-07-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് റൂൾസ് പ്രകാരമുള്ള എല്ലാ പത്രികകളും ധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല | 1-1-1 |
| 3 | അദർ ലയബിലിറ്റീസ് ഇനത്തിലെ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ് | 1-1-2 |
| 4 | ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട തുക വരവു വെക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല | 1-1-3 |
| 5 | കാലാവധി കഴിഞ്ഞ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-1-4 |
| 6 | പ്രേരക് ഹോണറേറിയം ഇനത്തിൽ തുക റീക്കുപ്പ് ചെയ്യാൻ അവശേഷിക്കുന്നു | 1-1-5 |
| 7 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | ഗുണഭോക്തൃവിഹിതം ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. | 1-1-7 |
| 9 | കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. | 1-1-8 |
| 10 | കാഷ് ഫ്ലോയിൽ ഉൾപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | മെയിന്റനൻസ് ഫണ്ട് (റോഡ്) - എ സി ആർ, സുലേഖ ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തികനില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ഗ്രാമസഭ | 1-10 |
| 21 | പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട 300 ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകം - 12578 രൂപ വരവ് നഷ്ടം | 1-11 |
| 22 | മൊബൈൽ ടവറിന്റെ വസ്തു നികുതിയിനത്തിൽ കുടിശ്ശിക. | 1-12 |
| 23 | രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ നീക്കിയിരിപ്പും ഭൗതിക പരിശോധന പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-13 |
| 24 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക വർദ്ധന നിരക്ക് ഉപനിയമാവലിയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-14 |
| 25 | വസ്തുനികുതി പുനർ നിർണ്ണയം-തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |
| 26 | കുന്നംകൈ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 45,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 27 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ–ക്വട്ടേഷൻ, ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-17 |
| 28 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല -രേഖകൾ ലഭ്യമാക്കിയിട്ടില്ല - 18,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 29 | തുടർ സാക്ഷരത - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 46000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 30 | കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-20 |
| 31 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 32 | കുടിവെള്ള വിതരണം - പദ്ധതി അപാകങ്ങൾ - ₹400920 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 33 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല - ₹6,96,360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 34 | ദിശാ സൂചക ബോർഡ് സ്ഥാപിക്കൽ - ₹1,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 35 | ജി ഐ എസ് മാപ്പിംഗ് - രണ്ടാം ഘട്ടം - അധിക വിവരം ലഭ്യമല്ല | 1-25 |
| 36 | നീരൊഴുക്കം ചാലിലെ മാലിന്യം നീക്കം ചെയ്യൽ - തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-26 |
| 37 | മഴക്കാല പൂർവശുചീകരണം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.₹80,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 38 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഇല്ലാതെ വൈദ്യുതി ചാർജ് ഒടുക്കി | 1-28 |
| 39 | സമഗ്ര ആരോഗ്യ പരിപാടി - അംഗീകരിച്ച പ്രതിദിന വാഹന വാടകയിൽ അധികം തുക ചെലവ് ചെയ്തത് - 8250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 40 | മരാമത്തു പ്രവൃത്തികളുടെ നിർവഹണം | 1-30 |
| 41 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ–കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-31 |
| | **ഭാഗം 2** | |
| 1 | പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട 300 ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാക - 12578 രൂപ വരവ് നഷ്ടം | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചിറക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.06.2024 തീയതിയിലെ 149/24 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 29-06-2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2024 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) സി &എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

26.11.2024.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

### 1-1-1 അക്കൗണ്ടിംഗ് റൂൾസ് പ്രകാരമുള്ള എല്ലാ പത്രികകളും ധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല

A) തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

B) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

C) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരം ഉൾപ്പെടുത്തേണ്ട പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുന്ന അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

D) വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കി വാർഷിക

ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 അദർ ലയബിലിറ്റീസ് ഇനത്തിലെ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിയിലെ ബാലൻസ് ഷീറ്റിലെ ബി 4 ഷെഡ്യൂളിലെ Other Liabilities(320100999) ഹെഡിൽ രേഖപ്പെടുത്തിയ ₹28,08,172 യിൽ ₹1500 2023-24 സാമ്പത്തിക വർഷം ICDC സെൻട്രൽ ഷെയർ പെയ്മെന്റ് ചെയ്തതിൽ ബെനിഫിഷ്യറി അക്കൗണ്ടിൽ ക്രഡിറ്റ് ആകാതെ തിരിച്ച് വന്ന തുകയാണെന്നും ഓപ്പണിംഗ് ബാലൻസ് ആയുള്ള ₹28,06,672 വിവിധ പ്രവർത്തനങ്ങൾക്ക് വേണ്ടി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷം ബാക്കിയായ തുക ഗ്രാമപഞ്ചായത്തിന് തിരിച്ച് നൽകിയ ഇനത്തിലുള്ളതാണെന്നും വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 21/27.09.24) മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-3 ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട തുക വരവു വെക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 321904 രൂപ വരവുണ്ട്. എന്നാൽ ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട തുക വരവു വെക്കുന്നതിന് പ്രത്യേക അക്കൗണ്ട്ആരംഭിച്ചില്ല. പ്രസ്തുത തുകകൾ എസ് ബി ഐ ഓൺ ഫണ്ടിലാണ് വരവ് വച്ചിട്ടുള്ളത്.

### 1-1-4 കാലാവധി കഴിഞ്ഞ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂളിൽ Other Deposits എന്ന ഇനത്തിൽ 340109901, 340200199 എന്നീ ഹെഡുകളിലായി യഥാക്രമം ₹6918, ₹19578 എന്നീ തുകകൾ നീക്കിയിരിപ്പുണ്ട്. 2012 മുതലുള്ള മെഷീൻ റണ്ണിംഗ് ഡെപ്പോസിറ്റാണ് 340109901 ഹെഡിൽ നീക്കിയിരിപ്പുള്ളതെന്നും 2022-23 സാമ്പത്തിക വർഷം എസ് ബി ഐ 604 നമ്പർ അക്കൗണ്ടിൽ UNKNOWN AMOUNT ആയി വന്ന തുകയാണ് 340200199 എന്ന ഹെഡിൽ നീക്കിയിരിപ്പുള്ളതെന്നും വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 21/27.09.24) മറുപടിയായി അറിയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-5 പ്രേരക് ഹോണറേറിയം ഇനത്തിൽ തുക റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്നു

2022-23 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള B 18 ഷെഡ്യൂളിലെ Advance To Others ഇനത്തിലെ തുകയായ ₹27,888, 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലും ആവർത്തിക്കുന്നുണ്ട്. പ്രേരക് ഹോണറേറിയം ഇനത്തിൽ റീക്കൂപ്പ് ചെയ്യാനുള്ള ഈ തുക സാക്ഷരതാ മിഷൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-6 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

താഴെ കൊടുത്തിരിക്കുന്ന രജിസ്റ്ററുകൾ കാലീകമാക്കി വർഷാന്ത്യ സംക്ഷിപ്തമെഴുതി സൂക്ഷിക്കുന്നില്ല.

1. ആസ്തി രജിസ്റ്റർ
2. മാനുവൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ.
3. ഡെപ്പോസിറ്റ് രജിസ്റ്റർ
4. അഡ്വാൻസ് രജിസ്റ്റർ
5. മെഷീൻ റണ്ണിംഗ് ഫീസ് രജിസ്റ്റർ
6. മെഷീൻ ഇൻസ്റ്റലേഷൻ ഫീസ് രജിസ്റ്റർ

### 1-1-7 ഗുണഭോക്തൃവിഹിതം ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു.

ബി-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതം ₹706536 ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. 2018-19 വർഷം മുതലുള്ള തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

### 1-1-8 കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

B-9 ഷെഡ്യൂളിലെ സ്റ്റെയിൽ ചെക്ക് (₹49,974) ഇനത്തിൽ ₹34,082 മുൻ വർഷം അവശേഷിച്ച തുകയാണ്. കാലാവധി കഴിഞ്ഞതാണെങ്കിൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

### 1-1-9 കാഷ് ഫ്ലോയിൽ ഉൾപ്പെടുത്തിയ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് ₹4155836 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11903416 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ഇവ പൊരുത്തപ്പെടുന്നില്ല.

## 1-1-10 മെയിന്റനൻസ് ഫണ്ട് (റോഡ്) - എ സി ആർ, സുലേഖ ചെലവുകൾ പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഫണ്ട് (റോഡ്) - എ സി ആർ പ്രകാരമുള്ള ചെലവ് 1,37,45,796 രൂപയും ഐ 6 ഷെഡ്യൂളിൽ ചെലവഴിച്ച തുക വരവായി എടുത്തത് 79,86,828 രൂപയുമാണ്. സുലേഖ ചെലവ് പത്രികയിലും 79,86,828 രൂപയാണ് ചെലവായി രേഖപ്പെടുത്തിയത്.

## 1-2 ബജറ്റ്

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 15.03.2023 തീയതിയിലെ 68/23 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 12.02.2024 തീയതിയിലെ 36/24 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കിയ ബജറ്റിന്റെ കരട് (തീരുമാനം നമ്പർ 42/23/13-03-2023), റിവൈസ്ഡ് ബജറ്റിന്റെ കരട് (തീരുമാനം നമ്പർ 07/24/08-02-2024) എന്നിവ ഭേദഗതികളൊന്നുമില്ലാതെ ഭരണസമിതി അംഗീകരിക്കുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ്(₹) | 4,85,61,090 | 6,02,25,819 |
| വരവ്(₹) | 41,73,85,700 | 48,96,68,731 |
| ആകെ(₹) | 46,59,46,790 | 54,98,94,550 |
| ചെലവ്(₹) | 43,87,05,900 | 52,27,08,124 |
| നീക്കിയിരിപ്പ്(₹) | 2,72,40,890 | 2,71,86,426 |

## 1-3 സാമ്പത്തികനില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ്(₹) | 6,47,45,317 |
| വരവ്(₹) | 8,07,82,503 |
| ആകെ(₹) | 14,55,27,820 |
| ചെലവ്(₹) | 8,49,38,339 |
| നീക്കിയിരിപ്പ്(₹) | 6,05,89,481 |
| വരവിനങ്ങളിലുള്ള നഷ്ടം(₹) | 12,578 |
| ചെലവിനങ്ങളിലുള്ള നഷ്ടം - ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹) | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക(₹) | 14,85,030 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,31,18,000 | 2,31,18,000 | 1,84,53,615 | 46,64,385 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 69,84,000 | 69,84,000 | 50,28,046 | 19,55,954 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 1,50,88,000 | 1,50,88,000 | 79,86,828 | 71,01,172 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് | 0 | 55,70,600 | 55,70,600 | 39,85,121 | 15,85,479 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് | 50,18,315 | 38,28,000 + 4,27,463 (പലിശ) | 92,73,778 | 49,29,529 | 43,44,249 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് ഫണ്ട് | 1,03,87,034 | 28,71,000 | 1,32,58,034 | 24,20,673 | 1,08,37,361 |
| മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ, കാപ്പിറ്റൽ | 4,37,378 | 0 | 4,37,378 | 0 | 4,37,378 |
| പൈക്ക | 17,995 | 0 | 17,995 | 0 | 17,995 |
| എസ് എസ് എ | 62,000 | 0 | 62,000 | 0 | 62,000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 4,79,892 | 0 | 4,79,892 | 0 | 4,79,892 |
| ടി എസ് സി | 5,69,535 | 0 | 5,69,535 | 5,11,250 | 58,285 |
| മറ്റ് ഗ്രാന്റുകൾ | 1,56,285 | 0 | 1,56,285 | 19,130 | 1,37,155 |
| ഐ സി ഡി എസ് | 30,21,926 | 28,82,034 | 59,03,960 | 23,52,751 | 35,51,209 |
| സാക്ഷരത | 15725 | 630 | 16355 | 0 | 16355 |
| എം പി ഫണ്ട് | 6,678 | 94 | 6,772 | 6,772 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 2,67,005 | 0 | 2,67,005 | 0 | 2,67,005 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 4,77,920 | 4,77,920 | 4,77,920 | 0 |
| മറ്റ് സ്കീമുകൾ | 10,000 | 0 | 10,000 | 0 | 10,000 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 1,69,268 | 13,11,000 | 14,80,268 | 6,30,824 | 8,49,444 |
| ഹെൽത്ത് ഗ്രാന്റ് - പി.എച്ച്.സി. എഫ്.എച്ച്.സി.യായി ഉയർത്താൻ | 1,54,430 | 5,25,000 | 6,79,430 | 1,56,853 | 5,22,577 |
| ആയുർവേദ വകുപ്പ് | 11,539 | 0 | 11,539 | 0 | 11,539 |
| മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം | 15,080 | 91,00,000 | 91,15,080 | 91,00,000 | 15,080 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 8,12,353 | 0 | 8,12,353 | 0 | 8,12,353 |
| ഹെൽത്ത് ഗ്രാന്റ് – സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥാപനങ്ങൾ ധനസഹായം | 0 | 27,75,000 | 27,75,000 | 0 | 27,75,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 271 | 33,82,58,665 | 176 | 10,03,75,064 | 47 | 95 | 129 | 47.6 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ**

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ(₹) | പദ്ധതി ചെലവ്(₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 09 | 07 | 3343546 | 1752400 | 52.41 |
| 2 | വെറ്റിനറി സർജൻ | 06 | 06 | 11,10,500 | 7,94,300 | 71.53 |
| 3 | മെഡിക്കൽ ഓഫീസർ,പിഎച്ച് സി | 14 | 13 | 73,95,626 | 4258599 | 57.58 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 04 | 04 | 16,55,000 | 13,33,800 | 80.59 |
| 5 | വി ഇ ഒ | 18 | 16 | 11,29,18,612 | 35736510 | 31.65 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 16 | 09 | 11236669 | 5736393 | 51.05 |
| 7 | സെക്രട്ടറി | 44 | 31 | 97525418 | 14141556 | 14.5 |
| 8 | ഹെഡ്മാസ്റ്റർ | 15 | 10 | 3896000 | 1549539 | 39.77 |
| 9 | എസ്.ഐ ഫിഷറീസ് | 01 | 01 | 36,000 | 35,879 | 99.66 |
| 10 | അസി. എഞ്ചിനീയർ | 139 | 74 | 9,77,04,884 | 3,42,21,417 | 35.03 |
| 11 | ക്ഷീരവികസന ഓഫീസർ | 01 | 01 | 3,00,000 | 91,921 | 30.64 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 04 | 04 | 11,36,410 | 7,22,750 | 63.6 |
| | ആകെ | 271 | 176 | 338258665 | 100375064 | 29.67 |

## 1–6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം ജി എൻ ആർ ഇ ജി എസ് തൊഴിലാളികളുടെ കൂലി, മെറ്റീരിയർ ചെലവ് മുതലായവ | 0 | 84,66,306 | 84,66,306 | 84,66,306 | 0 |
| ഭരണചെലവ് | 4166 | 4,49,939 | 4,54,105 | 4,53,914 | 191 |
| ആകെ | 4166 | 89,16,245 | 89,20,411 | 89,20,220 | 191 |

## 1–7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10,27,200 | 73 |
| വിധവാ പെൻഷൻ | 1,93,93,100 | 1597 |
| വാർദ്ധക്യകാല പെൻഷൻ | 5,18,46,700 | 4381 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 55,74,200 | 448 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതകൾ | 47,71,600 | 382 |

| | | |
|---|---|---|
| ക്കുള്ള പെൻഷൻ | | |
| വിവാഹ ധനസഹായം | 2,75,200 | 03 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-09-2024 തീയതി ഉച്ചയ്ക്ക് 2.10 മണിക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 79,715/ രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

**രജിസ്റ്റർ സൂക്ഷിപ്പ്**

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്താത്തതും അപാകങ്ങളാണ്.ലോൺ റജിസ്റ്റർ,ഡെപ്പോസിറ്റ് റജിസ്റ്റർ,അഡ്വാൻസ് റജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.

**പദ്ധതി മോണിറ്ററിംഗ്**

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് അജണ്ടകളാകുന്നത്. പദ്ധതി അവലോകനം , മോണിറ്ററിംഗ് തുടങ്ങിയ ചുമതലകൾ കൂടി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്ക് അതത് സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

വിവിധ വർഷങ്ങളിലെ വാർഷിക പദ്ധതികളുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ഗ്രാമപഞ്ചായത്ത് ധനസഹായം നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ മോണിറ്റർ ചെയ്യേണ്ടതും പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-10 ഗ്രാമസഭ

പഞ്ചായത്തിലുള്ള 23 വാർഡുകളിലും മൂന്ന തവണ ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. പദ്ധതി രൂപീകരണം, അവലോകനം, വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഹരിതസഭ ജനകീയ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, അജൈവ മാലിന്യങ്ങൾ യഥാവിധി ശേഖരിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്ക് നല്കൽ, സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ,നീരുറവ/നീർത്തടം സംബന്ധിച്ച കാര്യങ്ങൾ സിറ്റിസൻ പോർട്ടൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, അതിദാരിദ്ര്യം സംബന്ധിച്ച വിഷയങ്ങൾ എന്നിവ പ്രധാന അജണ്ടകളാണ്.

ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുത്ത 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട 300 ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകം - 12578 രൂപ വരവ് നഷ്ടം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023 തീയതിയിലെ ജി.ഒ.(എംഎസ്) നം.77/2023/LSGD പ്രകാരം 01.04.2023 മുതൽ പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 5% വർദ്ധനവും 01.04.2023 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05.04.2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമ വിജ്ഞാപനം പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം 300 ചതുരശ്ര മീറ്ററിന് മുകളിലുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) പുതുക്കി നിശ്ചയിച്ച നിരക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും 300 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 6 രൂപയുമാണ് അടിസ്ഥാന വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. (16.09.2023 തീയതിയിലെ 401055/PTRV03/GPO/2023/4979) എന്നാൽ ഗ്രാമപഞ്ചായത്തിലെ 2023-24 ലെ പുതിയ കെട്ടിടങ്ങളുടെ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ നികുതി നിർണ്ണയ ഡാറ്റാബേസ് എന്നിവ പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട 300 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള 5 പുതിയ കെട്ടിടങ്ങൾക്ക് 10 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കേണ്ടതിന് പകരം 6 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇപ്രകാരം തെറ്റായ നിരക്കിൽ

നികതി നിർണ്ണയിച്ചതിനാൽ പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിൽ കുറവുണ്ടായത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം | കെട്ടിട വിഭാഗം | ഉടമസ്ഥന്റെ പേര് | പുതിയ വിജ്ഞാപന പ്രകാരം നിലവിൽ ഈടാക്കുന്ന വസ്തുനികുതി (300 ച.മീ. മുകളിൽ @₹10/ച.മീ) | | | | | | ഈടാക്കിയ തുക, രസീത് നമ്പർ തീയതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | അടിസ്ഥാന വസ്തു നികുതി | ഇളവ് | വർദ്ധനവ് | ലൈബ്രറി സെസ് | സർവ്വീസ് ചാർജ് | ആകെ | | |
| 1 | IV/587/A | 441.13 | പാർപ്പിടം | ഷറഫുദ്ദീൻ കല്ലരിയ കത്തു പുതിയ പുരയിൽ, മൻസൂറ ഷറഫുദ്ദീൻ | 4411 | | 1103 | 276 | 110 | 5900 | 3542/- 1230704270/ 09.11.2023 | 2358 |
| 2 | V/487/A | 436.68 | പാർപ്പിടം | ഹാറൂൻ റഷീദ് പി | 4637 | | 1965 | 317 | 127 | 6776 | 4066/- 1230703024/ 06.10.23 | 2710 |
| 3 | XIV/93/B | 357.71 | പാർപ്പിടം | ഷമീം കെ | 3577 | 358 | 1252 | 224 | 89 | 4784 | 1915/- 1230101435/ 03.06.23 960/- 1230400974/ 15.03.24 | 1909 |
| 4 | XXII/550/ D | 596.9 | പാർപ്പിടം | വാണിയൻകണ്ടി രവീന്ദ്രൻ, പി എം റീത്ത | 5969 | | 2686 | 433 | 173 | 9261 | 3894/- 1230703158/ 11.10.23 1665/- 16125/79- 21.03.24 | 3702 |
| 5 | XXIII/426/ C | 328.87 | പാർപ്പിടം | നിജാസ് ആലൂൽ തെക്കേ വലിയ പുരയിൽ | 3289 | | 1151 | 222 | 89 | 4751 | 1901/- 1230701533/ 26.08.23 951/- 60113111016359/ 14.03.24 | 1899 |
| | **ആകെ*** | | | | | | | | | 31472 | 18894 | 12578 |

*സഞ്ചയയിൽ തുക ഓട്ടോമാറ്റിക് ആയി റൗണ്ട് ചെയ്യുന്നതിനാൽ കുറവ് തുക കണക്കാക്കിയതിൽ നേരിയ വ്യത്യാസം ഉണ്ടാകുന്നതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി 27.09.24 ന് നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയനികുതിദായകരുടെ നികുതിനിർണ്ണയത്തിൽ ഇപ്രകാരം കുറവുണ്ടായതിനാൽ വസ്തു നികുതിയിനത്തിൽ ₹12,588.41-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ₹12578 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറിന്റെ വസ്തു നികുതിയിനത്തിൽ കുടിശ്ശിക.

14.01.2011 തീയതിയിലെ സ.ഉ.(അ) നം.19/2011/തസ്വഭവ പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് വസ്തുനികുതി നിർണയിച്ച് ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ മൊബൈൽ ടെലഫോൺ ടവർ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ വസ്തു നികുതിയിനത്തിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | മൊബൈൽ ടെലഫോൺ ടവർ സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം (ച.മീ) | നിർണയിച്ച വാർഷിക വസ്തുനികുതി + ലൈബ്രറി സെസ് + സർവ്വീസ് ചാർജ് (രൂപ) (ഡിമാന്റ് ചെയ്തത്) (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|---|---|
| 1 | II/277 | ഡിഷ്നെറ്റ് വയർലെസ് ലി. കമ്മ്യൂണിക്കേഷൻ | 20 | 8000+400+160=8560 | 2019-20 |
| | | | | 8000+400+160=8560 | 2020-21 |
| | | | | 8000+400+160=8560 | 2021-22 |
| | | | | 8000+400+160=8560 | 2022-23 |
| | | | | 8400+420+168=8988 | 2023-24 |
| 2 | V/528 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 20 | 9000+450+180=9630 | 2022-23 |
| | | | | 9450+473+189=10112 | 2023-24 |
| 3 | VIII/137/A | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 16 | 8000+400+160=8560 | 2019-20 |
| | | | | 8000+400+160=8560 | 2020-21 |
| | | | | 8000+400+160=8560 | 2021-22 |
| | | | | 8000+400+160=8560 | 2022-23 |
| | | | | 8400+420+168=8988 | 2023-24 |
| | ആകെ | | | 106198 | |

മേൽ അപാകം സംബന്ധിച്ച് 28.09.24 ന് നൽകിയ 23ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-13 രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ നീക്കിയിരിപ്പും ഭൗതിക പരിശോധന പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 27.09.2024 തീയതിയിൽ രശീതി ബുക്കുകളുടെ സ്റ്റോക്ക് ബാലൻസ് 11 എണ്ണം ആണ്. എന്നാൽ പ്രസ്തുത തീയതിയിൽ നടത്തിയ ഭൗതിക പരിശോധന പ്രകാരം രശീതി ബുക്കുകളുടെ നീക്കിയിരിപ്പ് 12 എണ്ണം ആണ് (രശീതി ബുക്ക് നമ്പർ 16154 മുതൽ 16165 വരെ).

രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും ഭൗതിക പരിശോധനാ സമയത്ത് കണ്ടെത്തിയ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടാത്തത് സംബന്ധിച്ച് 28.09.24 ന് നൽകിയ 25ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകം പരിഹരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക വർദ്ധന നിരക്ക് ഉപനിയമാവലിയിൽ രേഖപ്പെടുത്തിയിട്ടില്ല.

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയുമായി ബന്ധപ്പെട്ട ഡി.സി.ബി രജിസ്റ്റർ പരിശോധിച്ചപ്പോൾ മുൻവർഷത്തെ വാടകയിന്മേൽ 5% ശതമാനം വർദ്ധനവ് വരുത്തി വാടക ഈടാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ച് 24.01.2002 തീയതിയിലെ 3902 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഉപനിയമാവലി 03.08.2002 തീയതിയിലെ സി/8104/2002 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉപനിയമാവലിയിൽ കെട്ടിടങ്ങളുടെ വാടകയുടെ വാർഷിക വർദ്ധനവ് നിലവിലുള്ള വാടകയുടെ എത്ര ശതമാനം നിരക്കിലാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് 30.09.24 ന് നൽകിയ 32ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉപനിയമാവലിയിൽ കെട്ടിടങ്ങളുടെ വാടകയുടെ വാർഷിക വർദ്ധനവ് നിലവിലുള്ള വാടകയുടെ എത്ര ശതമാനം നിരക്കിലാണ് ഈടാക്കേണ്ടതെന്ന് വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി പുനർ നിർണ്ണയം-തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 17-ാം ചട്ട പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ, ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ, ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതുണ്ടെന്നും ഈ ബാധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണെന്നും 24-ാം ചട്ട പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ, പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടം പൂർത്തിയാക്കുകയോ, പുതുക്കി പണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ, കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിലേതാണ് ആദ്യം സംഭവിക്കുന്നത്, ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം, കെട്ടിട ഉടമ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതുണ്ടെന്നും നോട്ടീസ് നൽകുന്നതിൽ വീഴ്ച വരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് അഞ്ഞൂറ് രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 22.03.2023 തീയതിയിലെ സ.ഉ.(കൈ) നം. 77/2023/LSGD യിലെ ഖണ്ഡിക 9 പ്രകാരം മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഇക്കാര്യം പഞ്ചായത്തിനെ അറിയിക്കാവുന്നതാണെന്നും 2023 ജൂൺ 30-നകം ഇപ്രകാരം വിവരങ്ങൾ അറിയിക്കുന്ന കെട്ടിട ഉടമകളെ ചട്ടം 17, 24 എന്നിവ പ്രകാരമുള്ള പിഴയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിനായി തയ്യാറാക്കിയ ഫോറം (9 ബി ഫോറം) ഉപയോഗിക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

മേൽ സൂചിപ്പിച്ച ഇളവിനായി 2023 ജൂൺ 30-നകം എത്ര കെട്ടിട ഉടമകൾ 9ബി ഫോറം മുഖേന പഞ്ചായത്തിനെ വിവരം അറിയിച്ചിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ എത്ര കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ട് എന്നും അറിയിക്കുവാൻ 27.09.2024 ന് നൽകിയ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 9ബി ഫോറം മുഖേന 507 കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെന്നും 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ജി.ഐ.എസ് മാപ്പിംഗ് പദ്ധതി നടപ്പിലാക്കുകയും 19079 കെട്ടിടങ്ങളുടെ സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 9 ബി ഫോറം മുഖേന ലഭ്യമായിട്ടുള്ള വിവരങ്ങൾ അതത് വാർഡ് ക്ലർക്കിന് കൈമാറി ആയത് പരിശോധിച്ചും സർവ്വേ പ്രകാരം ലഭ്യമായിട്ടുള്ള ഡാറ്റയുമായി താരതമ്യം ചെയ്തും അധിക നിർമ്മാണം നടത്തിയ കെട്ടിടങ്ങളെ ക്രമവൽക്കരിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിന് സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേഷൻ ലഭ്യമാകുന്ന മുറക്ക് തുടർ നടപടി സ്വീകരിച്ച് കുടിശ്ശിക നികുതിയടക്കം ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 കുന്നംകൈ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 45,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചിറക്കൽ ഗ്രാമപഞ്ചായത്ത് കുന്നംകൈ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വേണ്ടി രൂപീകരിച്ച പ്രോജക്ടാണിത്. മരുന്ന് വാങ്ങുന്നതിനായി 1,05,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) യുടെ അക്കൗണ്ടിലേക്ക് (A/C No: 34306403911) കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം |
| പ്രൊജക്ട് നമ്പർ/പേര് | 324/24 – കുന്നംകൈ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹105000-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹105000 ബിൽ നമ്പർ: 536/25.03.2024 |

21.03.2024 തീയതിയിലെ ഇൻവോയ്സ് നമ്പർ:PF-1514 പ്രകാരമാണ് മേൽ തുക കൈമാറിയിട്ടുള്ളത്. തുക കൈമാറി നാളിതുവരെയായിട്ടും (ഇൻവോയ്സ് നമ്പർ:PF-1514 പ്രകാരം നൽകിയതുക) ₹59,500/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇൻവോയ്സ് നമ്പർ:PF-1514 പ്രകാരം ആവശ്യപ്പെട്ടതിൽ ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | ഇൻവോയ്സ് തുക(₹) |
|---|---|---|
| 1 | LF-546/04.07.2024 | 55,756 |
| 2 | LF-1065/13.09.2024 | 3,744 |
| | ആകെ | 59,500 |

ബാക്കി തുകയുടെ (₹45,500/-) മരുന്നുകൾ ലഭ്യമായതിന്റെ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച്

24.09.2024 ന് നൽകിയ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാക്കാത്തതിനാൽ 45,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ-ക്വട്ടേഷൻ, ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ചിറക്കൽ ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ/ പേര് | S0238/24 - കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | S0239/24 - കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| അടങ്കൽ | ₹1,69,268 – ഹെൽത്ത് ഗ്രാന്റ് | ₹1,54,430 – ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹1,52,223 – ഹെൽത്ത് ഗ്രാന്റ് | ₹1,50,953 – ഹെൽത്ത് ഗ്രാന്റ് |
| തുക/ബിൽ നം./ തീയതി | ₹12,096/62/21.06.2023 (ACR പ്രകാരം)<br>₹7,833/138/25.08.2023 (ACR പ്രകാരം)<br>₹7,566/178/12.10.2023 (ACR പ്രകാരം)<br>₹29,370/194/23.10.2023 (ACR പ്രകാരം)<br>₹50,733/401/04.03.2024 (ACR പ്രകാരം)<br>₹44,625/449/15.03.2024 (ACR പ്രകാരം) | ₹11,788/61/21.06.2023<br>₹15,000/139/25.08.2023<br>₹28,000/270/20.12.2023<br>₹1,200/272/20.12.2023<br>₹6,640/406/05.03.2024<br>₹7,050/423/12.03.2024<br>₹7,670/436/14.03.2024<br>₹25,435/557/25.03.2024<br>₹48,170/561/25.03.2024 |

എ) 08.11.2010 തീയതിയിലെ സ.ഉ.(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വയർമെന്റ് മാർഗ്ഗരേഖയില ഖണ്ഡിക 3.എ.2 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ മതിപ്പു വില 5,000 രൂപയ്ക്ക് മുകളിലും 25,000 രൂപയ്ക്ക് താഴെയും ആയ ലോക്കൽ പർച്ചേസിന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്നും അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും മൂന്ന് ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവയ്ക്കു വേണ്ടിയുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങിയതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകളിൽ ക്വട്ടേഷൻ ക്ഷണിച്ചത്. സ്ഥാപനത്തെ തിരഞ്ഞെടുത്ത വിവരം എന്നിവ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിതരണക്കാരന്റെ പേര് | ഇൻവോയ്സ് തീയതി | ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് തുക (രൂപ) |
|---|---|---|---|---|
| 1 | ഓസോൺ | 13.06.2023 | C562 | 5,230 |

| | | | | |
|---|---|---|---|---|
| | കെമിക്കൽസ് | | | |
| 2 | ഓസോൺ കെമിക്കൽസ് | 13.06.2023 | C563 | 6,866 |
| 3 | ഏഷ്യൻ ഡയഗ്നോസ്റ്റിക്സ് | 11.07.2023 | AD-927/23/24 | 7,833 |
| 4 | ഓസോൺ കെമിക്കൽസ് | 07.08.2023 | C1071 | 5,029 |
| 5 | ഗ്ലോബൽ ലാബ് സിസ്റ്റംസ് | 14.08.2023 | G/0345/23-24 | 9,428 |
| 6 | ഗ്ലോബൽ ലാബ് സിസ്റ്റംസ് | 08.09.2023 | G/0397/23-24 | 19,942 |
| 7 | ഏഷ്യൻ ഡയഗ്നോസ്റ്റിക്സ് | 13.11.2023 | AD-2220/23-24 | 22,208 |
| 8 | ലാബ് എക്സ് | 16.11.2023 | BC/33257 | 8,372 |
| 9 | ദിൽ ക്രിയേഷൻസ് (ദിലേഷ് പി പി) | 22.08.2023 | 30 | 15,000/- |
| 10 | ഇൻവേയ്ഡ് ടെക്നോളജീസ് | 03.02.2024 | A67 | 7,670/- |
| 11 | മലബാർ ഇക്കോ സൈൻ | 15.03.2024 | 548 | 25,435/- |

ബി) 08.11.2010 തീയതിയിലെ സ.ഉ.(പി)നം.259/2010/തസ്വഭവ പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വയർമെന്റ് മാർഗ്ഗരേഖയിലെ ഖണ്ഡിക 3.എ.3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ മതിപ്പ് വില 25,000/- രൂപയ്ക്ക് മുകളിലും 1,00,000/- രൂപയ്ക്ക് താഴെയും ആയ പർച്ചേസിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കേണ്ടതാണെന്നും അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും (8-10പേരിൽ നിന്നും, കുറഞ്ഞത് 5) മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കേണ്ടതാണെന്നും 4-6 എണ്ണം മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവയ്ക്കു വേണ്ടിയുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങിയതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകളിൽ ക്വട്ടേഷൻ ക്ഷണിച്ചത്, സ്ഥാപനത്തെ തിരഞ്ഞെടുത്ത വിവരം എന്നിവ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിതരണക്കാരന്റെ പേര് | ഇൻവോയ്സ് തീയതി | ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് തുക (രൂപ) |
|---|---|---|---|---|
| 1 | എവർഗ്രീൻ എന്റർപ്രൈസസ് | 29.02.2024 | 369 | 50,733 |
| 2 | എവർഗ്രീൻ എന്റർപ്രൈസസ് | 23.03.2024 | 408 | 48,170/- |

മേൽ അപാകങ്ങൾ സംബന്ധിച്ച് 26.09.2024 ന് നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറി, 27.09.2024 ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറി എന്നിവയ്ക്ക് മറുപടിയായി മതിപ്പ് വില 5,000/- രൂപയ്ക്ക് മുകളിലും 25,000/- രൂപയ്ക്ക് താഴെയും ആയ ലോക്കൽ പർച്ചേസിന് ക്വട്ടേഷനും, മതിപ്പ് വില 25,000/- രൂപയ്ക്ക് മുകളിലും 1,00,000/- രൂപയ്ക്ക് താഴെയും ആയ പർച്ചേസിന് ലിമിറ്റഡ് ടെണ്ടറും ക്ഷണിക്കേണ്ടത് അറിവില്ലായിരുന്നുവെന്നാണ് അറിയിച്ചത്. തുടർന്നുള്ള വാങ്ങലുകൾ 5,000/- രൂപയ്ക്ക് മുകളിലും 25,000/- രൂപയ്ക്ക് താഴെ ക്വട്ടേഷനും, 25,000/- രൂപയ്ക്ക് മുകളിലും 1,00,000/- രൂപയ്ക്ക് താഴെ ടെണ്ടറും എന്നുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

**1-18 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല -രേഖകൾ ലഭ്യമാക്കിയിട്ടില്ല - 18,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ/പേര് | 101/24, പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹1,50,000 (തനത് ഫണ്ട്) |
| ചെലവ് | ₹18,000 ബിൽ നമ്പർ: 533/25.03.2024 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് ഉടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 1500/- രൂപ നിരക്കിൽ 12 പേർക്ക് കോഴ്സ് ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പേരിലുള്ള 57026996123 നമ്പർ അക്കൗണ്ടിലേക്ക് 18000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി, നിലവിൽ പത്താംതരം തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ 12 പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട്, എന്നിവ സംബന്ധിച്ച വിവരം 28.09.24 ന് നൽകിയ 26ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി ലഭിക്കുന്ന മുറക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ 18,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 തുടർ സാക്ഷരത - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 46000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ/പേര് | 118/24 തുടർ സാക്ഷരത പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹46000 ബിൽ നമ്പർ 532/25.03.2024 |

28.05.2022 തീയതിയിലെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ-യിലെ ഖണ്ഡിക 7.4.5-യിൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ് ഉടങ്ങിയവ അടവാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

പ്ലസ്ടു തുല്യതാ കോഴ്സിന് ഒരു പഠിതാവിന് 2,300/- രൂപ നിരക്കിൽ 20 പേർക്ക് കോഴ്സ് ഫീസിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ പേരിലുള്ള 02880100113107 നമ്പർ അക്കൗണ്ടിലേക്ക് 46000/-രൂപ നല്കിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി, നിലവിൽ പ്ലസ്ടു തുല്യതാ പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ 20 പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട് എന്നത് സംബന്ധിച്ച് 28.09.24 ന് നൽകിയ 27ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ 46000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ/പേര് | 240/24, കന്നുകുട്ടി പരിപാലന പദ്ധതി - സ്പിൽ ഓവർ |
| അടങ്കൽ | ₹1,87,500 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹1,87,500/ ബിൽ നമ്പർ 50/06.06.23 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ₹1,87,500 SLBP ഡയറക്ടറുടെ 71901140000003 നമ്പർ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/25.09.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയോടൊപ്പം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവ് തുകയിൽ ₹67,512 വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. മേൽ തുക തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-21 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.**

ലൈഫ് മിഷൻ ഭവന നിർമ്മാണത്തിനായുള്ള വിവിധ പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ പ്രോജക്ട് വർഷം | ക നൽകിയതിന്റെ വിവരംതു (തുക/ തീയതി) | 30.09.24 ന് നൽകിയ 28ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി |
|---|---|---|---|
| 1 | സുഹറ ടി.ടി/ലൈഫ് 2020 ജനറൽ | 40000/30.01.23 | നിലവിൽ ഗുണഭോക്താവ് മരണപ്പെട്ടുവെന്നും മകൻ തുക തിരികെ അടവാക്കുമെന്നും അറിയിച്ചിട്ടുണ്ട്. |
| 2 | സുനിൽ കുമാർ/ലൈഫ് 2020 ജനറൽ | 40000/08.02.23<br>160000/19.05.23 | ബന്ധുക്കളുമായുള്ള തർക്കം കാരണം പണി പൂർത്തിയാക്കിയിട്ടില്ല പൂർത്തിയാക്കുന്ന മുറക്ക് ബാക്കി ഗഡു അനുവദിക്കുന്നതാണെന്ന് അറിയിച്ചു. |
| 3 | റംലത്ത് ടി.വി/ലൈഫ് 2020 ജനറൽ | 40000/08.02.23<br>100000/15.09.23<br>60000/14.12.23<br>100000/25.03.24 | ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബാക്കി തുക നൽകുമെന്ന് അറിയിച്ചു |
| 4 | സൈനബ എൻ,കെ/ലൈഫ് 2020 ജനറൽ | 40000/24.05.23<br>160000/23.08.23<br>100000/25.03.24 | ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബാക്കി തുക നൽകുമെന്ന് അറിയിച്ചു |
| 5 | എ കുശല/2019-20 അഡീഷണൽ ലിസ്റ്റ് | 40000/23.07.21<br>160000/25.03.22<br>100000/15.07.22 | ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബാക്കി തുക നൽകുമെന്ന് അറിയിച്ചു |
| 6 | ബൈജു/2019-20 അഡീഷണൽ ലിസ്റ്റ് | 40000/13.07.23 | ഗുണഭോക്താവ് തുക തിരികെ അടവാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| 7 | സന്ധ്യ കെ/ലൈഫ് 2020 എസ്.സി. | 40000/03.02.23<br>16000019.05.23<br>100000/22.02.24 | ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബാക്കി തുക നൽകുമെന്ന് അറിയിച്ചു |

| | | | |
|---|---|---|---|
| 8 | സുമ വി/ലൈഫ് 2020 എസ്.സി. | 40000/14.03.23<br>160000/19.05.23<br>100000/22.02.24 | ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബാക്കി തുക നൽകുമെന്ന് അറിയിച്ചു |
| 9 | സുന കെ/ലൈഫ് 2020 എസ്.സി. | 40000/20.03.23<br>160000/19.05.23<br>100000/20.11.23 | ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബാക്കി തുക നൽകുമെന്ന് അറിയിച്ചു |

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക ഈടാക്കേണ്ടതാണ്.

## 1-22 കുടിവെള്ള വിതരണം – പദ്ധതി അപാകങ്ങൾ – ₹400920 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചിറക്കൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിനുള്ള തുക നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടാണിത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/പേര് | 35/24, കുടിവെള്ള വിതരണം |
| അടങ്കൽ | ₹4,00,920 തനത് ഫണ്ട് |
| ചെലവ് | ₹3,00,000/- ബിൽ നം. 96/07.07.23<br>₹1,00,920/- ബിൽ നം. 147/12.09.23<br>ആകെ: ₹4,00,920 |

06.03.2023 ലെ സ.ഉ (സാധാ) 564/2023/ത.സ്വ.ഭ.വ, കണ്ണൂർ ജില്ലാ കലക്ടറുടെ 07.06.2023 ലെ DDP-KNR/953/2021-D2എന്നീ ഉത്തരവുകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളവിതരണം നടത്തുന്നതിന് ശ്രീ അനീശൻ പി പി എന്നവരെ ചുമതലപ്പെടുത്തുകയും വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വാഹനവാടക നൽകുന്നതിനായി മുകളിൽ കൊടുത്ത പ്രകാരം തനത് ഫണ്ടിൽ നിന്നും 4,00,920 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1. കുടിവെള്ളം വിതരണം നടത്തുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പുറപ്പെടുന്ന സ്ഥലം, സമയം, സഞ്ചരിച്ച ദൂരം, കുടിവെള്ളം വിതരണം ചെയ്ത സ്ഥലം, കിലോമീറ്റർ, സമയം, വെള്ളത്തിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ കരാറുകാരൻ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ജല മലിനീകരണം ഇല്ല എന്ന് ജല അതോറിററിയോ/ഭക്ഷ്യ സുരക്ഷ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം സാക്ഷ്യപ്പെടുത്തലുകളില്ലാതെയാണ് കുടിവെള്ള വിതരണം നടത്തിയിരിക്കുന്നത്.

3. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ചതെങ്കിൽ കുടിവെള്ളം ശേഖരിച്ചതിന്റെ പ്രതിദിനകണക്കുകൾ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി നൽകുന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹4,00,920 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല – ₹6,96,360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഭാഗമായി വിവിധ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ(₹) | ചെലവ്(₹) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 20/24, ഐ കെ എം വിഹിതം നൽകൽ | വികസന ഫണ്ട് (പൊതു വിഭാഗം) - ₹96,360 | ₹96,360 - ബിൽ നം. 27/26.05.23 | ഐ കെ എം |

| | | | | |
|---|---|---|---|---|
| 2 | 63/24, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) - ₹3,00,000<br>തനത് ഫണ്ട് - ₹2,00,000<br>ആകെ - ₹5,00,000 | ₹3,00,000 – ബിൽ നം. 555/25.03.24<br>₹2,00,000 - ബിൽ നം. 607/29.03.24<br>ആകെ - ₹5,00,000 | കെ എസ് ഇ ബി |
| 3 | 71/24, എ ബി സി പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ | തനത് ഫണ്ട് - ₹1,00,000 | ₹1,00,000 - ബിൽ നം. 364/14.02.24 | കണ്ണൂർ ജില്ലാ പഞ്ചായത്ത് |
| ആകെ | | | ₹6,96,360 | |

മേൽ പരാമർശിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് തുക നൽകിയ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/26.09.24) മറുപടിയായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ₹6,96,360 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ദിശാ സൂചക ബോർഡ് സ്ഥാപിക്കൽ – ₹1,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിലെ പ്രധാന കവലകളിൽ ദിശാ സൂചക ബോർഡ് സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ/പേര് | 86/24, ദിശാ സൂചക ബോർഡ് സ്ഥാപിക്കൽ |
| അടങ്കൽ | തനത് ഫണ്ട് - ₹2,00,000 |
| ചെലവ് | ₹1,90,000/- ബിൽ നം. 608/29.03.24 |

ദിശാ സൂചക ബോർഡുകൾ നിർമ്മിച്ചതുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട സുനിൽ കുമാർ പി എന്ന വ്യക്തിക്ക് മേൽ ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ച 217/23.03.24 ഇൻവോയിസ് പ്രകാരം 2375 രൂപ നിരക്കിൽ 80 ബോർഡുകളാണ് നിർമിച്ചിട്ടുള്ളത്. എന്നാൽ ഇവ സ്റ്റോക്കിൽ എടുത്തതിന്റെയും ഏതൊക്കെ പ്രദേശങ്ങളിൽ സ്ഥാപിച്ചു എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/26.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ജി ഐ എസ് മാപ്പിംഗ് – രണ്ടാം ഘട്ടം – അധിക വിവരം ലഭ്യമല്ല

പഞ്ചായത്ത് പരിധിയിൽപെട്ട കെട്ടിടങ്ങളുടെ ജി.ഐ.എസ് മാപ്പിംഗ് എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ നമ്പർ/ പേര് | 180/24, ജി ഐ എസ് മാപ്പിംഗ് - രണ്ടാം ഘട്ടം (സ്പിൽ ഓവർ) |
| അടങ്കൽ | ₹19,00,017 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹11,96,940 തനത് ഫണ്ട്<br>ആകെ: ₹30,96,957 |
| ചെലവ് | ₹6,75,597 ബിൽ നം. 61/24.06.23 (സി.എഫ്.സി. ഫണ്ട്)<br>₹6,49,000 ബിൽ നം. 91/06.07.23 (സി.എഫ്.സി. ഫണ്ട്) |

| | |
|---|---|
| | ₹5,75,420 ബിൽ നം. 165/06.10.23 (സി.എഫ്.സി. ഫണ്ട്)<br>₹8680 ബിൽ നം. 170/06.10.23 (തനത് ഫണ്ട്)<br>₹2,59,600 ബിൽ നം. 277/26.12.23 (തനത് ഫണ്ട്)<br>₹2,85,560 ബിൽ നം. 279/27.12.23 (തനത് ഫണ്ട്)<br>₹1,94,700 ബിൽ നം. 599/27.03.24 (തനത് ഫണ്ട്)<br>ആകെ - ₹26,48,557 |

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ നടത്തിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മേൽ ബില്ലുകൾ പ്രകാരമുള്ള തുകകൾ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. സർക്കാർ ഉത്തരവ് (ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018 പ്രകാരം ജി ഐ എസ് മാപ്പിംഗിന് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്. ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്താനെന്നും പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണമെന്നും തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരം, ജി ഐ സ് മാപ്പിംഗ് ഗ്രാമപഞ്ചായത്തിന് ഉപയോഗപ്രദമായ രീതിയിൽ സേവനം ലഭ്യമാകുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം, ഉത്തരവിലെ നിബന്ധനകൾ പാലിച്ചുവരുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ കൂട്ടിച്ചേർക്കുന്നതിന് നിലവിൽ സംവിധാനമുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. മേൽ ഉത്തരവ് പ്രകാരം ജി ഐ എസ് മാപ്പിംഗിന് അംഗീകരിച്ച നിരക്ക് താഴെ ചേർക്കുന്നു.

₹110/ - Household

₹7000/ - Square Km Which Includes Detailed Road Survey

Soft Ware Development -Nil

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി താഴെ പറയും പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്

| Sl No | Item | Unit | Unit Prize (₹) | Total Units | Total Prize(₹) | Total Prize (₹)(Including Tax) |
|---|---|---|---|---|---|---|
| 1 | Base Map | Sq. KM | 7000 | 14 | 98,000 | 115640 |
| 2 | Building Property Survey | Number | 110 | 15,130 | 1664300 | 1963874 |
| | Total | | | | 1762300 | 2079514 |
| | Additional Features | | | | | |
| 3 | Drone Survey | Sq. KM | 20000 | 14 | 280000 | 330400 |
| 4 | Data Analysis Dashboard And Web GIS Portal | Number | 500000 | 1 | 500000 | 590000 |
| | Total | | | | 780000 | 920400 |
| | Grand Total | | | | 2542300 | 2999914 |

മേൽ പട്ടികയിലെ ക്രമ നമ്പർ 1, 2 എന്നിവയ്ക്ക് മേൽ ഉത്തരവ് പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അഡീഷണൽ ഫീച്ചേഴ്സിൽ ഉൾപ്പെടുത്തിയ ഡ്രോൺ സർവ്വേ, ജി ഐ. എസ് പോർട്ടൽ എന്നിവയുടെ നിരക്ക്

ഉത്തരവിൽ ഇല്ലാതിരിക്കെ പ്രസ്തുത ഇനങ്ങൾക്ക്നിരക്ക് നിശ്ചയിച്ചത് എങ്ങനെയെന്ന് വിശദീകരിക്കപ്പെട്ടില്ല. മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/27.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 നീരൊഴുക്കും ചാലിലെ മാലിന്യം നീക്കം ചെയ്യൽ – തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ചിറക്കൽ ഗ്രാമപഞ്ചായത്തിലെ നീരൊഴുക്കുംചാലിലെ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ വർഷങ്ങളായി അടിഞ്ഞ് കൂടിക്കിടക്കുന്ന ലെഗസി മാലിന്യങ്ങൾ തീപിടിക്കുവാനുള്ള സാധ്യത ഉള്ളതിനാൽ ബഹു. ജില്ലാകലക്ടറുടെയും , തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ണൂർ ജോയിൻറ് ഡയറക്ടറുടെയും അടിയന്തിര നിർദ്ദേശം പരിഗണിച്ച് ആയവ മാറ്റുന്നതിനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രൊജക്ട് നമ്പർ/ പേര് | 246/24, നീരൊഴുക്കും ചാലിലെ മാലിന്യം നീക്കം ചെയ്യൽ, | 266/24, നീരൊഴുക്കും ചാൽ മാലിന്യം നീക്കം ചെയ്യൽ - രണ്ടാം ഘട്ടം, |
| അടങ്കൽ | തനത് ഫണ്ട് - ₹4,00,000 | തനത് ഫണ്ട് - ₹4,00,000 |
| ചെലവ് | ₹3,11,535 ബിൽ നം. 206/07.11.23 | ₹3,77,954 ബിൽ നം. 615/30.03.24 |

ലെഗസി മാലിന്യങ്ങൾ നിക്കം ചെയ്യുന്നതിനായി ടെണ്ടർ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട മലബാർ മെറ്റൽസ് എന്ന സ്ഥാപനത്തിന് മേൽ ബില്ലുകൾ പ്രകാരമുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്. ചാക്കിലാക്കിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രൊജക്ട് നം. 246/24 ന് കിലോഗ്രാമിന് 9 രൂപ നിരക്കിലും പ്രൊജക്ട് നം 266/24 ന് കിലോഗ്രാമിന് 10 രൂപ നിരക്കിലുമാണ് തുക അനുവദിച്ചിട്ടുള്ളത്.

പ്രൊജക്ട് നം 246/24 പ്രകാരം 34,615 കിലോഗ്രം അജൈവ മാലിന്യങ്ങളും പ്രൊജക്ട് നം 266/24 പ്രകാരം 37795 കിലോഗ്രം അജൈവ മാലിന്യങ്ങളും നീരൊഴുക്കുംചാലിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത പ്രദേശത്ത് ഇനിയും ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല. കൂടാതെ നീരൊഴുക്കുംചാൽ പ്രദേശത്ത് പൊതുജനങ്ങളും വ്യാപാരികളും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തുടരുന്ന സാഹചര്യം നിലവിലുണ്ടോ എന്നും വ്യക്തമല്ല. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നീരൊഴുക്കും ചാലിൽ മാലിന്യസംസ്കരണ കേന്ദ്രത്തിലെ മാലിന്യങ്ങൾ മുഴുവൻ ബയോ മൈനിംഗിലൂടെ നീക്കം ചെയ്ത് ആധുനിക മാലിന്യ സംസ്കരണ കേന്ദ്രവും അനുബന്ധ ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിക്കുന്നതിനും മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനും കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ് അധികൃതരോട് ആവശ്യപ്പെടുന്നതിനും ഇതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനും 19.04.23 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. നീരൊഴുക്കുംചാലിലെ മാലിന്യങ്ങൾ തരം തിരിച്ച് ചാക്കിലാക്കിയ പ്രവൃത്തി നാളിതുവരെ ചെയ്ത വകയിൽ തൊഴിലാളികൾക്ക് തുക അനുവദിക്കുന്നതിന് 19.04.2023 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. നീരൊഴുക്കചാലിലെ ഉപയോഗ ശൂന്യമായ ഇൻസിനറേറ്റർ, ബയോഗ്യാസ് പ്ലാൻറ് എന്നിവ നടപടിക്രമം പാലിച്ച് പൊളിച്ചുമാറ്റണമെന്ന ജില്ലാ അധികൃതരുടെ നിർദ്ദേശത്തെ തുടർന്ന് ആയവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 19.04.2023 ലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/28.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നീരൊഴുക്കും ചാൽ പ്രദേശത്ത് നിലവിൽ മാലിന്യങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ ആയവ അടിയന്തിരമായി നീക്കം ചെയ്യുന്നതിനും ലെഗസി മാലിന്യങ്ങൾ തീപിടിക്കുവാനുള്ള സാധ്യത കണക്കിലെടുത്ത് കൊണ്ട് മേൽ പ്രദേശത്ത് പൊതുജനങ്ങളും വ്യാപാരികളും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തുടരുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നീരൊഴുക്കും ചാലിൽ മാലിന്യസംസ്കരണ കേന്ദ്രത്തിലെ മാലിന്യങ്ങൾ മുഴുവൻ ശാസ്ത്രീയമായി നീക്കം ചെയ്ത് ആധുനിക മാലിന്യ സംസ്കരണ കേന്ദ്രവും അനുബന്ധ ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിക്കുന്നതിനായി ബയോമൈനിംഗിലൂടെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും , മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തിയും പ്രദേശത്തെ ഉപയോഗ ശൂന്യമായ ഇൻസിനറേറ്റർ, ബയോഗ്യാസ് പ്ലാൻറ് എന്നിവ നടപടിക്രമം പാലിച്ച് പൊളിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തിയും നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-27 മഴക്കാല പൂർവശുചീകരണം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.₹80,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10,000 രൂപ വീതം രണ്ട് തവണയായി വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| വൗച്ചർ നം.22300132/15.05.2023 | ₹2,30,000 |
| വൗച്ചർ നം.22300226/17.06.2023 | ₹2,30,000 |
| ആകെ | ₹4,60,000 |

തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

1) 6,7,12,13 വാർഡുകൾക്ക് നൽകിയ തുക (₹80,000) വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ.

2) പകർച്ചവ്യാധി പ്രതിരോധ യജ്ഞം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ നം. WM3/38/2023-LSGD തീ. 08.03.2023 ഖ. 17.2 പ്രകാരം മഴക്കാല പൂർവ ശുചീകരണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക വാർഡൊന്നിന് 30,000 രൂപയാണ് (ശുചിത്വ മിഷൻ വിഹിതം - ₹10,000 NHM വിഹിതം - ₹10,000; തനത് ഫണ്ട് - ₹10,000). എന്നാൽ മേൽ വൗച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്ന് ഒരു വാർഡിന് 20,000 രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ ഖ. 17.4 പ്രകാരം ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം ടി വിഹിതം തനത്/പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നതും ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ആയത് തിരികെ വകയിരുത്താവുന്നതുമാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/30.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചർ നം.22300132/15.05.2023 പ്രകാരം 6,7,12,13 വാർഡുകൾക്ക് നൽകിയ ₹80,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 23 വാർഡുകൾക്കായി തനത് ഫണ്ടിൽ നിന്ന് രണ്ടാമത് ചെലവഴിച്ച ₹2,30,000 ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റിക്കുപ്പ് ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഇല്ലാതെ വൈദ്യുതി ചാർജ് ഒടുക്കി

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കും ഗ്രാമപഞ്ചായത്ത് 2023-24 വർഷം വൈദ്യുതി ചാർജ് ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക(₹) |
|---|---|---|---|
| 1 | 22300338 | 20-07-2023 | 29,799 |
| 2 | 22300758 | 10-11-2023 | 16,389 |
| 3 | 22300858 | 08-12-2023 | 18,580 |
| 4 | 22300993 | 15-01-2024 | 18,580 |
| 5 | 22301083 | 09-02-2024 | 18,587 |
| 6 | 22301233 | 08-03-2024 | 18,580 |

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ തെരുവ് വിളക്കുകളുടേയും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതെ വൈദ്യുതി ചാർജ് ഒടുക്കി വരുന്ന തെരുവ് വിളക്കുകളുടെയും വിശദവിവരം, ഗ്രാമ പഞ്ചായത്ത് കെ എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട്, കെ എസ് ഇ ബി തെരുവ് വിളക്കുകൾക്കുള്ള ചാർജ്ജ് നിർണ്ണയം നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/30.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ബാക്കിയുള്ള തെരുവ് വിളക്കുകൾക്ക് കൂടി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-29 സമഗ്ര ആരോഗ്യ പരിപാടി - അംഗീകരിച്ച പ്രതിദിന വാഹന വാടകയിൽ അധികം തുക ചെലവ് ചെയ്തത് - 8250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -<br>എഫ്.എച്ച്.സി |
| പ്രൊജക്ട് നമ്പർ/ പേര് | 148/24, സമഗ്ര ആരോഗ്യ പരിപാടി |
| അടങ്കൽ | ₹1,00,000 - വികസന ഫണ്ട് |
| ചെലവ് | ₹51,000 |
| തുക/ബിൽ നം./തീയതി<br>(ACR പ്രകാരം) | ₹6,000/44/02.06.2023<br>₹7,500/120/14.08.2023<br>₹9,750/144/11.09.2023<br>₹8,250/172/10.10.2023<br>₹9,750/228/27.11.2023<br>₹5,250/233/29.11.2023<br>₹4,500/294/01.01.2024 |

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് തലത്തിലുള്ള സബ്സെന്ററുകളിലും, ഇമ്മ്യൂൺ വാക് ഉടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നതിന് എഫ്.എച്ച്.സി. യിൽ നിന്നും മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും കൊണ്ടുപോകുന്നതിനും സ്റ്റാഫിന് പോകുന്നതിനുമായ ആവശ്യത്തിന് വാഹനത്തിന്റെ വാടക (ഡ്രൈവർ ഉൾപ്പെടെ) നൽകുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 30.03.2023 തീയതിൽ നടന്ന പഞ്ചായത്തിന്റെ സാധാരണ യോഗത്തിലെ 91(3)/23 നമ്പർ തീരുമാന പ്രകാരം ഏറ്റവും കുറഞ്ഞ പ്രതിദിന വാഹന വാടക (750 രൂപ) ക്വാട്ട് ചെയ്ത ശ്രീ.കെ.ടി.രാജീവൻ എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണ കാലയളവിൽ 11 ദിവസങ്ങളിൽ അംഗീകരിച്ച പ്രതിദിന വാടകയേക്കാൾ കൂടുതൽ തുക (1500 രൂപ) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | വാടകയിനത്തിൽ നൽകിയ തുക (₹) | വാടകയിനത്തിൽ നൽകേണ്ട തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|
| 1 | 07.08.2023 | 1500 | 750 | 750 |
| 2 | 08.08.2023 | 1500 | 750 | 750 |
| 3 | 09.08.2023 | 1500 | 750 | 750 |
| 4 | 11.09.2023 | 1500 | 750 | 750 |
| 5 | 12.09.2023 | 1500 | 750 | 750 |
| 6 | 09.10.2023 | 1500 | 750 | 750 |
| 7 | 10.10.2023 | 1500 | 750 | 750 |
| 8 | 11.10.2023 | 1500 | 750 | 750 |
| 9 | 10.11.2023 | 1500 | 750 | 750 |
| 10 | 18.11.2023 | 1500 | 750 | 750 |
| 11 | 02.12.2023 | 1500 | 750 | 750 |
| | ആകെ | 16500 | 8250 | 8250 |

അംഗീകരിച്ച വാഹന വാടകയിൽ അധികം തുക ചെലവ് ചെയ്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് 25.09.24 ന് നൽകിയ 40ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പ്രതിദിന വാടകയേക്കാൾ കൂടുതലായി നൽകിയ 8250 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ്] യിലെ നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന്

പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും ഈ രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.29/30-09-2024) മറുപടിയിൽ, 2023-24 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളിൽ 90 ശതമാനവും മെയിന്റനൻസ് പ്രവൃത്തികളായിരുന്നതിനാൽ ക്വാളിറ്റി ടെസ്റ്റുകളൊന്നും ചെയ്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-31 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേന.

ശുചിത്വ മാലിന്യ സംസ്കരണം,സുസ്ഥിര കൃഷി വികസനം,ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ എന്നിവയും ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയും സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക (സീറോ വേസ്റ്റ്) എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 03/24-09-2024 ന് ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**(I) അജൈവമാലിന്യം**

**എ) ഹരിത കർമ്മസേനയുടെ പ്രവർത്തനം**

ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, മറ്റുള്ളവ എന്നിവ വഴി ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി ശേഖരിച്ച് തരംതിരിക്കുകയും സ്വച്ച് ഭാരത് അഭിയാൻ എന്ന സ്ഥാപനത്തിന് കൈമാറി വരികയും ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ, ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential), പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (Non- Residential) ഹരിത കർമ്മസേനാംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| വാർഡുകളുടെ എണ്ണം | വാർഡിലെ ജനസംഖ്യ | ആൾ താമസമുള്ള വീടുകളുടെ എണ്ണം (Residential) | പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 23 | 50350 | 9920 | 950 | 15 |

ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന വാതിൽപ്പടി സേവനം നൽകി വരുന്ന വീടുകൾ, ആശ്രയ പട്ടികയിൽ ഉൾപ്പെട്ടവർ, പഞ്ചായത്തിലെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിങ്ങനെയായി ആകെ 150

വീടുകളിൽ ഹരിതകർമ്മ സേന യൂസർഫീ വാങ്ങാതെ സേവനം നൽകി വരുന്നുണ്ട്.

ഓരോ മാസങ്ങളിലും ഏതൊക്കെ ഇനം വസ്തുക്കൾ ശേഖരിക്കണം എന്ന് മുൻകൂട്ടി തയ്യാറാക്കിയ പാഴ് വസ്തു ശേഖരണ കലണ്ടർ പ്രകാരമാണ് വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നത്. എന്നാൽ നിലവിൽ അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിക്കുന്നില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ അതാത് ദിവസം തന്നെ കമ്പനിയുടെ ഗോഡൗണിലേക്ക് കൊണ്ടു പോവുകയും അവിടെ വച്ച് തരം തിരിക്കുകയുമാണ് ചെയ്യുന്നത്. ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണത്തിലുള്ള കുറവ് ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ തരം തിരിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ വർഷങ്ങളായി മാലിന്യം നിക്ഷേപിച്ച് മലിനമായി കിടക്കുന്ന പ്രദേശങ്ങളായ പുതിയതെരു, അലവിൽ, സ്റ്റൈലോ കോർണർ ബസ് സ്റ്റോപ്പ് എന്നിവിടങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ശുചീകരിച്ചു വരുന്നുണ്ട്. കൂടാതെ വർഷങ്ങളായി മാലിന്യം നിക്ഷേപിക്കുന്ന നീരൊഴുക്കും ചാൽ ശുചീകരിക്കുന്നതിനായി പദ്ധതി വച്ച് മാലിന്യം തരം തിരിച്ച് ശേഖരിച്ച് റീ സൈക്കിൾ ചെയ്യുന്നതിന് കയറ്റി അയക്കുന്നുമുണ്ട്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി സ്കൂൾ കുട്ടികളെ ഉപയോഗിച്ച് ഹരിതസഭ എന്ന പേരിൽ പരിപാടി നടത്തി മാലിന്യ സംസ്കരണ ഉപാധികളെ പരിചയപ്പെടുത്തി. പഞ്ചായത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് കുട്ടികൾ കണ്ടെത്തിയ മാർഗ്ഗങ്ങൾ സഭയിൽ അവതരിപ്പിച്ചു. മാലിന്യങ്ങൾ വലിച്ചെറിഞ്ഞാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഞ്ചായത്തിലെ രണ്ട് സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ് നടത്തുകയും സ്കൂൾ കുട്ടികൾ ഹരിത കർമ്മ സേനയോടൊപ്പം സഞ്ചരിച്ച് ഹരിത കർമ്മ സേനയുടെ പ്രവർത്തനം മനസ്സിലാക്കുകയും ചെയ്തു.

നിലവിൽ 15 അംഗങ്ങൾ ഹരിത കർമ്മ സേനയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാവർക്കും 10000 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്നുണ്ട്. എന്നാൽ 15 അംഗങ്ങൾക്കും കൂടി ഒരു മാസം കൊണ്ട് 23 വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് വളരെ പ്രയാസം നേരിടുന്നുണ്ട്. ആയതിനാൽ മറ്റു വരുമാനദായക പ്രവർത്തനങ്ങളിൽ ഒന്നും ഏർപ്പെടാൻ സാധിച്ചിട്ടില്ല.

ഹരിതകർമ്മ സേനക്ക് വേതനം നൽകുന്നത് സ്വച്ച് ഭാരത് അറിയാൻ എന്ന സ്ഥാപനം നേരിട്ടാണ്. ആയതിനാൽ നിലവിൽ ഹരിതകർമ്മ സേനയുടെ ആവശ്യത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വന്നിട്ടില്ല. ഹരിതകർമ്മ സേനയെ പ്രവർത്തിപ്പിക്കുന്നത് സ്വച്ച് ഭാരത് അഭിയാൻ എന്ന സ്ഥാപനമായതിനാൽ ഹരിതകർമ്മ സേനയ്ക്ക് വേണ്ടി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. വാഹനം, ഓഫീസ് സൗകര്യം എന്നിവ സ്ഥാപനം സ്വന്തം നിലയിൽ നേരിട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിതകർമ്മ സേന അംഗങ്ങൾക്കായി ഗ്രാമപഞ്ചായത്ത് നേരിട്ട് പരിശീലന പരിപാടികൾ ഒന്നും സംഘടിപ്പിച്ചിട്ടില്ല. എന്നാൽ ഹരിതമിത്രം ആപ്പിന്റെ പരിശീലനം, പ്ലാസ്റ്റിക് ശേഖരണം, തരം തിരിവ് എന്നിവ സംബന്ധിച്ച് ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ എന്നിവ വഴി പരിശീലനം നൽകിയിട്ടുണ്ട്.

നിരത്തുകളിലും പൊതു ഇടങ്ങളിലും മാലിന്യം തള്ളുന്നത് സംബന്ധിച്ചും നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ടും 2023-24 സാമ്പത്തിക വർഷം 5 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയിനത്തിൽ 27,000 രൂപ പിഴയായി ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തെളിവ് സഹിതം പരാതി നൽകിയ ആളുകൾക്ക് 3250 രൂപ റിവാർഡ് നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ അവലോകന യോഗം ഓരോ മാസവും നടത്തുകയും യോഗത്തിൽ വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് എല്ലാ ദിവസത്തെയും പ്രവർത്തനം പരിശോധിക്കുന്നുണ്ട്.

**ബി) എം സി എഫ് ന്റെ പ്രവർത്തന വിവരം**

ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ എം സി എഫ് പ്രവർത്തിച്ചു വരുന്നില്ല. ഹരിത സഹായ സ്ഥാപനമായ സ്വച്ച് ഭാരത് അഭിയാൻ ദിവസവും ഹരിത കർമ്മ സേന മുഖേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ അതാത് ദിവസം തന്നെ അഴീക്കോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അവരുടെ ഗോഡൗണിൽ എത്തിക്കുകയാണ് ചെയ്യുന്നത്. നഗരത്തോട് ചേർന്ന കിടക്കുന്ന പഞ്ചായത്തായതിനാൽ ജനസംഖ്യയും ജനസാന്ദ്രതയും വളരെ കൂടുതലാണ്. ആയതിനാൽ എം സി എഫ് നിർമിക്കുന്നതിന് ഭൂമി ലഭിക്കുക വളരെ ശ്രമകരമാണ്. ഭൂമി ലഭിച്ചാൽ തന്നെ അവിടെ മാലിന്യം ശേഖരിക്കുന്നതിനുള്ള എം സി എഫ് സ്ഥാപിക്കുന്നതിന് ജനങ്ങളുടെ എതിർപ്പുണ്ടാകാൻ സാധ്യത ഏറെയാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 26 മിനി എം.സി.എഫുകൾ ഉണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആർ ആർ എഫ് ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

23 വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് 15 അംഗങ്ങൾ മാത്രമാണുള്ളത് എന്നത് പ്രയോഗികമായി ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ചില മാസങ്ങളിൽ അംഗങ്ങൾക്ക് അസുഖം, മറ്റ് അസൗകര്യങ്ങൾ എന്നിവ വരുമ്പോൾ പ്രയാസം ഏറുന്ന സാഹചര്യമാണ്. കൂടാതെ എല്ലാ മാസവും പ്ലാസ്റ്റിക്കും യൂസർ ഫീയും നൽകുന്നതിന് പല വീടുകളും വിമുഖത കാണിക്കുന്നതും പ്രയാസം സൃഷ്ടിക്കുന്ന ഘടകമാണ്.

ഗ്രാമ പഞ്ചായത്തിൽ വർഷങ്ങളായി മാലിന്യം നിക്ഷേപിക്കുന്ന നീരൊഴുക്കും ചാൽ ശുചീകരിക്കുന്നതിനായി പദ്ധതി വച്ച് മാലിന്യം തരം തിരിച്ച് ശേഖരിച്ച് റീ സൈക്കിൾ ചെയ്യുന്നതിന് കയറ്റി അയക്കുന്നുണ്ട്. നീരൊഴുക്കും ചാൽ പ്രദേശത്ത് നിലവിൽ അവശേഷിക്കുന്ന മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിനും ലെഗസി മാലിന്യങ്ങൾ തീപിടിക്കുവാനുള്ള സാധ്യത കണക്കിലെടുത്തു കൊണ്ട് മേൽ പ്രദേശത്ത് പൊതുജനങ്ങളും വ്യാപാരികളും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തുടരുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നീരൊഴുക്കും ചാലിൽ മാലിന്യസംസ്കരണ കേന്ദ്രത്തിലെ മാലിന്യങ്ങൾ മുഴുവൻ ശാസ്ത്രീയമായി നീക്കം ചെയ്ത് ആധുനിക മാലിന്യ സംസ്കരണ കേന്ദ്രവും അനുബന്ധ ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിക്കുന്നതിനായി ബയോമൈനിംഗിലൂടെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും , മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തിയും പ്രദേശത്തെ ഉപയോഗ ശൂന്യമായ ഇൻസിനറേറ്റർ, ബയോഗ്യാസ് പ്ലാൻറ് എന്നിവ നടപടിക്രമം പാലിച്ച് പൊളിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തിയും നടപ്പിലാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

**ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശിപാർശകൾ**

* സമയബന്ധിതമായി മാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പു വരുത്തേണ്ടതാണ്.

* ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

* പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

* ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

* വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

* ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

* ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

* ഹരിതകർമസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സ.ഉ.(സാധാ)നം. 789/2023/LSGD തിയ്യതി 31-03-2023 ഉത്തരവ് പ്രകാരമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

* ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

* മാലിന്യങ്ങൾ/പാഴ് വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബാസ്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകാവുന്നതാണ്.

* നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്ററുകൾ സ്ഥാപിക്കാവുന്നതാണ്.

* പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടത്തിയ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണെങ്കിലും, മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലെയും സ്ഥാപനങ്ങളിലെയും, വീടുകളിലെയും പരമാവധി ആൾക്കാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വാർഡ് തല ബോധവത്ക്കരണ ക്ലാസ്സുകൾ കൂടി സംഘടിപ്പിച്ച് പൊതുജനങ്ങളുടെ പങ്കാളിത്തവും പ്രസ്തുത ദൗത്യത്തിലേക്കുള്ള മുതൽക്കൂട്ടാക്കാനുള്ള ഭാവി പരിപാടി ആസൂത്രണം ചെയ്ത് ഗ്രാമ പഞ്ചായത്തിനെ മാലിന്യ മുക്തമാക്കാൻ പരിശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട 300 ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാക - 12578 രൂപ വരവ് നഷ്ടം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023 തീയതിയിലെ ജി.ഒ.(എംഎസ്) നം.77/2023/LSGD പ്രകാരം 01.04.2023 മുതൽ പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 5% വർദ്ധനവും 01.04.2023 മുതലുള്ള പുതിയ

കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05.04.2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമ വിജ്ഞാപനം പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം 300 ചതുരശ്ര മീറ്ററിന് മുകളിലുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) പുതുക്കി നിശ്ചയിച്ച നിരക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും 300 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 6 രൂപയുമാണ് അടിസ്ഥാന വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. (16.09.2023 തീയതിയിലെ 401055/PTRV03/GPO/2023/4979) എന്നാൽ ഗ്രാമപഞ്ചായത്തിലെ 2023-24 ലെ പുതിയ കെട്ടിടങ്ങളുടെ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ നികുതി നിർണ്ണയ ഡാറ്റാബേസ് എന്നിവ പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട 300 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള 5 പുതിയ കെട്ടിടങ്ങൾക്ക് 10 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി നിർണ്ണയിക്കേണ്ടതിന് പകരം 6 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തെറ്റായ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിൽ ഇപ്രകാരം കുറവുണ്ടായത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ ന മ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം | കെട്ടിട വിഭാഗം | ഉടമസ്ഥന്റെ പേര് | പുതിയ വിജ്ഞാപന പ്രകാരം നിലവിൽ ഈടാക്കുന്ന വസ്തുനികുതി (300 ച.മീ. മുകളിൽ @₹10/ച.മീ) | | | | | | ഈടാക്കിയ തുക, രസീത് നമ്പർ തീയതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | അടിസ്ഥാന വസ്തു നികുതി | ഇളവ് | വർദ്ധനവ് | ലൈബ്രറി സെസ് | സർവ്വീസ് ചാർജ് | ആകെ | | |
| 1 | IV/587/A | 441.13 | പാർപ്പിടം | ഷറഫുദ്ദീൻ കല്ലൂരിയ കത്തു പുതിയ പുരയിൽ, മൻസൂറ ഷറഫുദ്ദീൻ | 4411 | | 1103 | 276 | 110 | 5900 | 3542/- 1230704270/ 09.11.2023 | 2358 |
| 2 | V/487/A | 436.68 | പാർപ്പിടം | ഹാറൂൻ റഷീദ് പി | 4637 | | 1965 | 317 | 127 | 6776 | 4066/- 1230703024/ 06.10.23 | 2710 |
| 3 | XIV/93/B | 357.71 | പാർപ്പിടം | ഷമീം കെ | 3577 | 358 | 1252 | 224 | 89 | 4784 | 1915/- 1230101435/ 03.06.23 960/- 1230400974/ 15.03.24 | 1909 |
| 4 | XXII/550/D | 596.9 | പാർപ്പിടം | വാണിയൻകണ്ടി രവീന്ദ്രൻ, പി എം റീത്ത | 5969 | | 2686 | 433 | 173 | 9261 | 3894/- 1230703158/ 11.10.23 1665/- 16125/79- 21.03.24 | 3702 |
| 5 | XXIII/426/C | 328.87 | പാർപ്പിടം | നിജാസ് ആലൂൽ തെക്കേ വലിയ പുരയിൽ | 3289 | | 1151 | 222 | 89 | 4751 | 1901/- 1230701533/ 26.08.23 951/- 60113111016359/ 14.03.24 | 1899 |
| | **ആകെ*** | | | | | | | | | 31472 | 18894 | 12578 |

*സഞ്ചയയിൽ തുക ഓട്ടോമാറ്റിക് ആയി റൗണ്ട് ചെയ്യുന്നതിനാൽ കുറവ് തുക കണക്കാക്കിയതിൽ നേരിയ വ്യത്യാസം

ഉണ്ടാകുന്നതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി 27.09.24 ന് നൽകിയ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയനികുതിദായകരുടെ നികുതിനിർണ്ണയത്തിൽ ഇപ്രകാരം കുറവുണ്ടായതിനാൽ വസ്തു നികുതിയിനത്തിൽ ₹12,588.41-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ₹12578 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 23.09.2024&24.09.2024 | കെ.എസ്.എ/കെ.എൻ.ആർ/സി.7 /1529/2024 തീയതിഃ 26.11.2024 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,00,000 | ലൈഫ് ഭവന പദ്ധതി, എസ് സി , 92/24 | 1,00,000 | 0 |
| | | 35,20,000 | ലൈഫ് ഭവന പദ്ധതി, ജനറൽ , 90/24 | 35,20,000 | 0 |
| | | 4,72,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 25/24 | 4,72,000 | 0 |
| | | 46,322 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ,73/24 | 46,322 | 0 |
| | | 2,00,000 | കാട്ടാമ്പള്ളി ജി.എം.യു.പി.എസ്ഏഴാം തരംവരെ ഹൈടെക്ക് ആക്കൽ, എസ്.ഒ 192/24 | 2,00,000 | 0 |
| | | 1,92,225 | പെയിൻ ആന്റ് പാലിയേറ്റീവ് 170/24 | 1,92,225 | 0 |
| | **ആകെ** | **45,30,547** | | **45,30,547** | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2023-24 | 50,00,000 | ലൈഫ് ഭവന പദ്ധതി, ജനറൽ , എസ്.ഒ 190/24 | 50,00,000 | 0 |
| | | 1,73,534 | ലൈഫ് ഭവന പദ്ധതി, എസ് സി , എസ്.ഒ 188/24 | 1,73,534 | 0 |
| | | 14,66,720 | ലൈഫ് ഭവന പദ്ധതി, എസ് സി , എസ്.ഒ 187/24 | 14,66,720 | 0 |
| | | 2,75,000 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 25/24 | 2,75,000 | 0 |
| | **ആകെ** | **6915254** | | **6915254** | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നമ്പർ | ബില്ല് / വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) |
|---|---|---|---|---|---|
| 2023-24 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡു കളിൽസ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ(63/24) | 555/25.03.24 (₹3,00,000) 607/29.03.24 (₹2,00,000) | 5,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 2023-24 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡു കളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(174/24) | 28/26.05.23 (₹66,196) 29/26.05.23 (₹4,67,278) | 5,33,474 | 5,33,474 |
| 2023-24 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡു കളിൽസ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ(177/24) | 14/08.05.23 (₹11,65,625) 26/26.05.23 (₹5,55,333) | 17,20,958 | 17,20,958 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഗ്രാമപഞ്ചായത്ത് വായ്പയെടുത്തിട്ടില്ലെങ്കിലും വായ്പ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ട് (പൊതുവിഭാഗം) വിഹിതമിനത്തിൽ നിന്ന് 1883400 രൂപയും വികസന ഫണ്ട് (എസ്.സി.പി. വിഭാഗം) വിഹിതമിനത്തിൽ നിന്ന് 516140 രൂപയും കുറവുവരുത്തിയാണ് അനുവദിച്ചിരിക്കുന്നത്. തെറ്റായി കുറവ് ചെയ്ത തുക ക്രമീകരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന് 31.03.2024 തീയതിയിൽ 2,89,62,921 രൂപയുടെ സ്ഥിരനിക്ഷേപങ്ങളും 20,000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റും ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 26770000 |
| ഓഡിറ്റ് വർഷം നിക്ഷേപിച്ച തുക (₹) | 22,12,921 |
| ആകെ(₹) | 2,89,82,921 |
| ഓഡിറ്റ് വർഷം പിൻവലിച്ച തുക(₹) | 0 |
| 31.03.24തീയതിയിൽ അവശേഷിക്കുന്ന തുക(₹) | 2,89,82,921 |

**വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമനമ്പർ | ഡെപ്പോസിറ്റ്/ഷെയർ സർട്ടിഫിക്കറ്റ് വിവരങ്ങൾ | സ്ഥാപനം | തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | എഫ്.ഡി.നമ്പർ 38318,തീയതി15.03.24 (15.03.24 തീയതിയിൽ പുതുക്കി) | ചിറക്കൽ സർവ്വീസ് സഹകരണബാങ്ക് | 2,89,62,921 | സ്ഥിരനിക്ഷേപം പലിശ നിരക്ക് 8.25% കാലാവധി 1 വർഷം (15-03-25വരെ) |

| | | | | |
|---|---|---|---|---|
| 2 | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 194, മെമ്പർ നമ്പർ 45 തീയതി 18.10.2004, 10000രൂപയുടെ രണ്ട് ബിക്ലാസ് ഷെയറുകൾ | മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 20000 | |
| | | | 2,89,82,921 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2023-24 വർഷം താഴെ ചേർത്ത പ്രകാരം ₹ 4,000 ലഭിച്ചിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെപേരും ഉദ്യോഗ പ്പേര്/സ്ഥാപനം | രശീതി നമ്പർ & തീയതി |
|---|---|---|---|---|
| 2021-22 | 1-15(ബി) | 4,000 | ടോം മാത്യു, മാനേജിംഗ് ഡയരക്ടർ, ഏഷ്യൻ പോളിമേഴ്സ്, കീരിയാട്, ചിറക്കൽ. | 1230101112/23-05-2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 32 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 7 | 2004-05 | 03.13.1.5 | ഷോപ്പിംഗ് സെന്റർ ബാദ്ധ്യതയാകുന്നു | ,, |
| 2014-15 | 2-1 | 2016-17 | I | തൊഴിൽ നികുതി | ,, |
| 2015-16 | 2-1, 2-6 | 2016-17 | I | ,, | ,, |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(*) | : | ₹8,07,82,503 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(*) | : | ₹8,49,38,339 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹12,578 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹14,85,030 |

(*)റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകൾ. ഇതിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, സാമൂഹ്യസുരക്ഷാപെൻഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാന്റ് എന്നിവ ഉൾപ്പെടുന്നില്ല.

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-11, 2-1 | 12578 | ₹1909 – ശ്രീ. ഷിബു കരുൺ ടി. സെക്രട്ടറി<br>₹10669 – ശ്രീ. രതീഷ് കുമാർ പി.വി., സെക്രട്ടറി<br>ആകെഃ ₹12578 |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 45,500 | ഡോ.സോജ്.ആർ,മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-18 | 18,000 | ശ്രീ.സജിത്ത്.എ.കെ, ഹെഡ് മാസ്റ്റർ |
| 1-19 | 46,000 | ശ്രീ.സജിത്ത്.എ.കെ, ഹെഡ് മാസ്റ്റർ |
| 1-22 | 4,00,920 | ₹300000 ശ്രീ. ഷിബു കരുൺ ടി, സെക്രട്ടറി<br>₹100920 ശ്രീ. രതീഷ് കുമാർ പി.വി, സെക്രട്ടറി |
| 1-23 | 6,96,360 | ₹96,360 ശ്രീ.ഷിബു കരുൺ ടി, സെക്രട്ടറി<br>₹6,00,000 ശ്രീ.രതീഷ് കുമാർ പി.വി, സെക്രട്ടറി |
| 1-24 | 1,90,000 | ശ്രീ.രതീഷ് കുമാർ.പി.വി, സെക്രട്ടറി |
| 1-27 | 80,000 | ശ്രീ.ഷിബു കരുൺ.ടി, സെക്രട്ടറി |
| 1-29 | 8,250 | ഡോ.ബന്ധു.ടി,മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ | 1485030 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സോജ്.ആർ,മെഡിക്കൽ ഓഫീസർ(ആയുർവേദം) | ആയുർവേദ ഡിസ്പെൻസറി, ചിറക്കൽ ഗ്രാമ പഞ്ചായത്ത് | ചന്ദ്രിക ലാന്റ്, കൊട്ടാരക്കര, തിരുവനന്തപുരം |
| ഡോ.ബന്ധു.ടി, മെഡിക്കൽ ഓഫീസർ(എഫ്എച്ച് സി) | എഫ്.എച്ച്. സി,ചിറക്കൽ ഗ്രാമ പഞ്ചായത്ത് | റൂം.നം.101, സായിബ് റസിഡൻസി, |

| | | |
|---|---|---|
| | | പടന്നപ്പാലം, കണ്ണൂർ |
| ശ്രീ.രതീഷ് കുമാർ.പി.വി,സെക്രട്ടറി | സെക്രട്ടറി, ചിറക്കൽ ഗ്രാമ പഞ്ചായത്ത് | തിരുവങ്ങാടൻ ന്യൂ ഹൌസ്, അഴീക്കോട്, കണ്ണൂർ |
| ശ്രീ.ഷിബു കരുൺ.ടി,സെക്രട്ടറി | സെക്രട്ടറി, കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത് | കരുണാകര, കോഴിബസാർ മാടായി കണ്ണൂർ670304 |
| ശ്രീ.സജിത്ത്.എ.കെ,ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എം.യു.പി.എസ്, കാട്ടാമ്പള്ളി | ഗുരുകൃപ, പുഴാതി, ചിറക്കൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2000-01(തനത്) | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2008-09 മുതൽ 2010-11വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 03 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 05 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 08 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 04 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 666/22 തീയതി 23-03-23 | 33 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 667/22 | 44 |

| | | |
|---|---|---|
| | തീയതി 23-03-23 | |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/127/23 തീയതി 29-03-23 | 27 |
| 2022-23 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി5/2003/2023(1) തീയതി02-03-2024 | 42 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 149/24 dated 28-06-2024 and submitted on 29-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Chirakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chirakkal Grama Panchayat as on 31-03-2024

**Date: 26/11/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Chirakkal Grama Panchayat for the Year 2023-2024 .

**1.Major Observations**

NIL

**2.Other Observations**

1. Mandatory schedules, as per the Panchayath Raj Accounts Rules 2011 are not included with Annual Financial Statement
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. The following registers are not maintained .

a)Asset Register

b)Manual ACR

c)Deposit Register

d)Advance Register

e)Machine Running Fee Register

f)Machine Installation Fee Register

g)The Sale of Tender Form Register

4. Separate bank account has not been opened for e tender receipts

5. Beneficiary contribution amount from 2018-19 remains as liability.

6. Expenditure from maintenance fund (Road) as per Sulekha report and ACR are not matching

7. The amount of stale cheque is not accounted in Panchayat Fund

8. Prerak honorarium amount to be recouped to Panchayat Fund

9. The amount in other Liabilities to be accounted to consolidated Fund

10. The amounts in other deposits to be adjusted to Panchayat Fund

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

**1. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്**

| Chirakkal Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 64604514.00 |
| Cash | Cash | RP-40(a) | 140803.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2360361.00 |
| 130000000 | Rental income from Panchayat Properties | RP-3 | 17000.00 |
| 140000000 | Fees & User Charges | RP-4 | 6991073.00 |
| 150000000 | Sale & Hire Charges | RP-5 | 442914.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 20983414.00 |
| 171000000 | Interest Earned | RP-9 | 1702552.00 |
| 190000000 | Prior Period Income | RP-11 | 24360.00 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | RP-19 | -53600.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 39027.00 |
| 311000000 | Earmarked Funds | RP-28 | 7271.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 26434760.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 19015065.00 |
| 460000000 | Loans, Advances and Deposits | RP-49 | 28051.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 4354.00 |
| 340000000 | Deposits Received | RP-33 | 137317.00 |
| 350000000 | Other Liabilities | RP-35 | 2648584.00 |
| | **Grand total** | | **145527820.00** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 321186.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 7463.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8693760.00 |
| 460000000 | Loans, Advances and Deposits | RP-49 | 860963.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 238381.00 |
| 350000000 | Other Liabilities | RP-35 | 74816586.00 |
| | **Closing Balance** | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 60459287.00 |
| Cash | Cash | RP-40(b) | 130194.00 |
| | **Grand Total** | | **145527820.00** |

**2. ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്**

| Chirakkal Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 17049092.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2007317.00 |
| 140000000 | Fee & User Charges | I-4 | 7818058.00 |
| 150000000 | Sale & Hire Charges | I-5 | 445442.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 180825061.00 |
| 170000000 | Income from Investments | I-7 | 2212921.00 |
| 171000000 | Interest Earned | I-8 | 1702552.00 |
| 180000000 | Other Income | I-9 | 4354.00 |
| | **Total Income** | | **212064797.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 15709001.00 |
| 220000000 | Administrative Expenses | I-11 | 1771900.00 |
| 230000000 | Operations & Maintenance | I-12 | 3414733.00 |
| 240000000 | Interest & Finance Charges | I-13 | 22075.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4358614.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 53210137.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 15895648.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 8466306.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 82612400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 468630.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 24314.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 20297563.00 |
| | **Total Expenditure** | | **206251321.00** |

| | | | |
|---|---|---|---|
| | **Gross Surplus / Deficit of income over Expenditure** | | **5813476.00** |
| | **Gross Surplus / Deficit of income over Expenditure** | | **6108215.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 413225.00 |
| 190000000 | Prior period Items | I-19 | 118486 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-294739.00** |

**3. ബാലൻസ് ഷീറ്റ്**

| Chirakkal Grama Panchayat BALANCE SHEET<br>As on 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 98315569.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 96740.00 |
| 312000000 | Reserves | B-3 | 63251928.00 |
| | **Total Reserve & Surplus** | | **161664237.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 31840899.00 |
| | **Total Grants, Contributions for Specific Purposes** | | **31840899.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1700923.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4409930.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **6110853.00** |
| | **TOTAL LIABILITIES** | | **199615989.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1015922.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 5075814.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 31680531.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 160475680.00 |
| 416000000 | Accumulated Depreciation | B-11(a) | -103349951.00 |
| | **Total Fixed Assets** | | **94897996.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 28982921.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **28982921.00** |

| | | | |
|---|---|---|---|
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9031600.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 60589481.00 |
| 460000000 | Loans, Advances and Deposits | B-18 | 6113991.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **75735072.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **199615989.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ